**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :**3854** **21.06.2019**-ലെ മറുപടിക്ക്

## സംസ്ഥാന ബാംബൂ മിഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ബാംബൂ മിഷന്റെ ചുവട് പിടിച്ചുള്ള സംസ്ഥാന ബാംബൂ മിഷന്റെ ഘടന എന്തെന്ന് വ്യക്തമാക്കാമോ; | (എ) കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ബാംബൂ മിഷന്റെ ചുവട് പിടിച്ചുള്ള സംസ്ഥാന ബാംബൂ മിഷന്റെ ഘടന താഴെ പറയും പ്രകാരമാണ്.<br>കേന്ദ്ര അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ നാഷണൽ ബാംബൂ മിഷൻ ഗൈഡ് ലൈനും (മാർഗ്ഗ നിർദ്ദേശങ്ങൾ) കേന്ദ്ര സർക്കാർ കത്ത് നം.D.O-15-01/2017-CC തീയതി 07.05.2018 പ്രകാരവും സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് രൂപം നൽകുന്നതിനായി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. ഇതിൻ പ്രകാരം സംസ്ഥാന സർക്കാരിന്റെ G.O(Rt)No.871/2018/ID തീയതി.07.07.2018 പ്രകാരം താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

| | |
| --- | --- |
| ചീഫ് സെക്രട്ടറി | ചെയർമാൻ |
| പ്രിൻസിപ്പൽ സെക്രട്ടറി, അഗ്രികൾച്ചർ | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി, എൺവയോൺമെന്റ് & ഫോറസ്റ്റ് | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായം | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി, സയൻസ് & ടെക്നോളജി | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി, റൂറൽ ഡെവലപ്പ്മെന്റ് | മെമ്പർ |

| | |
|---|---|
| പ്രിൻസിപ്പൽ സെക്രട്ടറി, എസ്.സി/എസ്.ടി ഡെവലപ്പ്മെന്റ് | മെമ്പർ |
| കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിൽ നിന്നുള്ള പ്രതിനിധി | മെമ്പർ |
| 2.വിദഗ്ധർ (പ്രൊഡക്ഷൻ, പ്രോസസ്സിംഗ്, ഡിസൈനിംഗ് & പ്രോഡക്ട് ഡെവലപ്പ്മെന്റ്, ഇൻഡസ്ട്രിയൽ പ്രൊമോഷൻ ആന്റ് മാർക്കറ്റിംഗ്)<br>1.ശ്രീ.സുശാന്ത്.സി.എസ് ഹെഡ്, സെന്റ്ർ ഫോർ ബാംബൂ ഇൻഷിയേറ്റീവ്സ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID), ആർ & ഡി കാംപസ്, ബാംഗ്ളൂർ<br>2.ഡോ.ഇ.എം.മുരളീധരൻ കോർഡിനേറ്റർ, ബാംബൂ ടെക്നിക്കൽ സപ്പോർട്ട്, ഗ്രൂപ്പ് സൗത്ത് സോൺ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) പീച്ചി, തൃശ്ശൂർ | മെമ്പേഴ്സ് |
| സംസ്ഥാന മിഷൻ ഡയറക്ടർ (വ്യവസായ വാണിജ്യ ഡയറക്ടർ) | മെമ്പർ സെക്രട്ടറി |

സംസ്ഥാന ചീഫ് സെക്രട്ടറി ചെയർമാനായ ഈ കമ്മിറ്റിയാണ് സംസ്ഥാനത്ത് നടപ്പിലാക്കേണ്ട പദ്ധതികൾ അവലോകനം ചെയ്ത് കേന്ദ്ര അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ബാംബൂ മിഷന് അംഗീകാരത്തിനായി ശുപാർശ ചെയ്യുന്നത്. അംഗീകാരം ലഭിച്ച പദ്ധതികൾ ബാംബൂ ഡവലപ്പ്മെന്റ് ഏജൻസിയായ കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.

കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയുടെ ഉന്നമനത്തിനായും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല

<table>
<tr>
<td></td>
<td>വിദഗ്ധരുടേയും, സംരംഭകരുടേയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗമനപാതയിലേക്ക് നയിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന ബാംബു മിഷൻ പ്രവർത്തിച്ചു വരുന്നു.<br>കേരള സർക്കാർ G.O.(MS)No.130/2003/ID തീയതി. 11.11.2003 പ്രകാരം സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ വകുപ്പ് മന്ത്രി ചെയർമാനായി കേരള സംസ്ഥാന ബാംബു മിഷൻ 2003-ൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>കേരള വ്യവസായ വാണിജ്യ ഡയറക്ടറാണ് നാഷണൽ ബാംബു മിഷൻ കേരളയുടെ ഡയറക്ടർ, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ അടിസ്ഥാന സൗകര്യങ്ങളും, ഉദ്യോഗസ്ഥരേയും ഉപയോഗപ്പെടുത്തിയാണ് സംസ്ഥാന ബാംബു മിഷൻ പ്രവർത്തിക്കുന്നത്.</td>
</tr>
<tr>
<td>(ബി) സംസ്ഥാന ബാംബു മിഷനിൽ നിലവിലുള്ള ഡയറക്ടർമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;</td>
<td>(ബി) 2016-ൽ സർക്കാർ ഉത്തരവ് G.O.(Rt)No.872/2016/ID തീയതി.05.09.2016 പ്രകാരം ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി ചെയർമാനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കേരള സംസ്ഥാന ബാംബു മിഷൻ പുന.സംഘടിപ്പിച്ചു. സംസ്ഥാന ബാംബു മിഷനിൽ ഡയറക്ടർമാർ നിലവിലില്ല. അംഗങ്ങൾ മാത്രമാണുള്ളത്.
<table>
<tr><th>നം</th><th>പേരും പദവിയും</th><th></th></tr>
<tr><td>1</td><td>ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി</td><td>ചെയർമാൻ</td></tr>
<tr><td>2</td><td>പ്രിൻസിപ്പൽസെക്രട്ടറി/ സെക്രട്ടറി (വ്യവസായം)</td><td>വൈസ് ചെയർമാൻ</td></tr>
<tr><td>3</td><td>പ്രിൻസിപ്പൽസെക്രട്ടറി/ സെക്രട്ടറി (ഫോറസ്റ്റ് & വൈൽഡ് ലൈഫ്)</td><td>മെമ്പർ</td></tr>
<tr><td>4</td><td>പ്രിൻസിപ്പൽ സെക്രട്ടറി (എൽ.എസ്.ജി.ഡി)</td><td>മെമ്പർ</td></tr>
<tr><td>5</td><td>പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി (റൂറൽ ഡവലപ്പ്മെന്റ്)</td><td>മെമ്പർ</td></tr>
<tr><td>6</td><td>ഡയറക്ടർ (വ്യവസായ വാണിജ്യ വകുപ്പ്)</td><td>മെമ്പർ</td></tr>
<tr><td>7</td><td>പ്രിൻസിപ്പൽ ചീഫ്</td><td>മെമ്പർ</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| | | കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് | |
| | 8 | ഡയറക്ടർ (അഗ്രികൾച്ചർ) | മെമ്പർ |
| | 9 | ഡയറക്ടർ (കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) | മെമ്പർ |
| | 10 | ശ്രീമതി.രുഗ്മിണി സുബ്രമണ്യൻ, പ്രസിഡന്റ്, പുത്താടി ഗ്രാമപഞ്ചായത്ത്, വയനാട് | മെമ്പർ |
| | 11 | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ | മെമ്പർ |
| | 12 | ശ്രീ.റ്റി.ശിവരാജൻ, ഉറവ്, വയനാട് | മെമ്പർ |
| | 13 | ഡയറക്ടർ, ജെ.എൻ-റ്റിബിജിആർഐ, തിരുവനന്തപുരം | മെമ്പർ |
| | 14 | ഡയറക്ടർ, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലെൻസി, (KASE), തിരുവനന്തപുരം | മെമ്പർ |
| | 15 | ജനറൽ മാനേജർ, കെ-ബിപ്പ് | മെമ്പർ കൺവീനർ |
| (സി) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനമായ ബാംബൂ കോർപ്പറേഷൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബാംബൂ രംഗത്ത് വൈദഗ്ധ്യം തെളിയിച്ച സംഘടനാപ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി സംസ്ഥാന ബാംബൂ മിഷൻ പുനസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-ൽ സംസ്ഥാന ബാംബൂ മിഷൻ പുന.സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബാംബൂ രംഗത്ത് വൈദഗ്ധ്യം തെളിയിച്ച സംഘടനാ പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് സർക്കാർ ഉത്തരവ് G.O.(Rt) No.872/2016/ID തീയതി.05.09.2016 പ്രകാരം കേരള സംസ്ഥാന ബാംബൂ മിഷൻ രൂപീകരിച്ചിട്ടുളളത്. | | |

**സെക്ഷൻ ഓഫീസർ**